**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5097** **02-11-2021 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പച്ചക്കറി വർഗ്ഗങ്ങളുടെ വില ക്രമാതീതമായി കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. ഏതെങ്കിലും പച്ചക്കറികൾക്ക് ക്രമാതീതമായി വില വർധിച്ചാൽ ഹോർട്ടികോർപ് വഴി ആ ഉത്പന്നം ന്യായവിലയ്ക്ക് ഉപഭോക്താവിന് നൽകുന്നതിനുള്ള നടപടി അതാത് സമയങ്ങളിൽ സർക്കാർ കൈക്കൊള്ളുന്നതാണ്. ഉത്സവ കാലങ്ങളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽ നിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുന്നതാണ്. വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതു വിപണി വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിനുള്ള വിപണി ഇടപെടലുകളും നടത്തിവരുന്നുണ്ട്. കൂടാതെ പച്ചക്കറി വില വർദ്ധനവ് വരുന്ന സാഹചര്യത്തിൽ സവാള പോലുള്ള ഇനങ്ങൾ ഭക്ഷ്യ സിവിൽ സപ്ലൈസ് മുഖേന കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഫെഡിൽ നിന്നും സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇത്തരം വില വർദ്ധനവ് പിടിച്ചുനിർത്താൻ ഒരു ഏകീകൃത വില നിർണ്ണയം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (ബി) | ഇല്ല. ഏതെങ്കിലും പച്ചക്കറികൾക്ക് ക്രമാതീതമായി വില വർധിച്ചാൽ ഹോർട്ടികോർപ് വഴി ആ ഉത്പന്നം ന്യായവിലയ്ക്ക് ഉപഭോക്താവിന് നൽകുന്നതിനുള്ള നടപടി അതാത് സമയങ്ങളിൽ സർക്കാർ കൈക്കൊള്ളുന്നതാണ്. ഉത്സവ കാലങ്ങളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽ നിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുന്നതാണ്. വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതു വിപണി വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിനുള്ള വിപണി ഇടപെടലുകളും നടത്തിവരുന്നുണ്ട്. കൂടാതെ പച്ചക്കറി വില വർദ്ധനവ് വരുന്ന സാഹചര്യത്തിൽ സവാള |

| | | | |
|---|---|---|---|
| | | | പോലുള്ള ഇനങ്ങൾ ഭക്ഷ്യ സിവിൽ സപ്ലൈസ് മുഖേന കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഫെഡിൽ നിന്നും സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. |
| (സി) | സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉൾപ്പെടെ മറ്റ് കാർഷികോല്പന്നങ്ങളുടെ ദൈനംദിനതോത് എത്രയെന്നും അവയിൽ എത്രത്തോളം സംസ്ഥാനത്ത് ഉല്പാദനം നടത്തുന്നുവെന്നും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിന്റെ തോത് എത്രയെന്നും വ്യക്തമാക്കുമോ; | (സി) | നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.<br>സംസ്ഥാനത്തിനാവശ്യമായ പച്ചക്കറിയുടെ ദൈനംദിനതോത് 5479 മെട്രിക് ടൺ ആണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ സംസ്ഥാനത്തിന്റെ നിലവിലെ പച്ചക്കറിയുടെ ദൈനംദിന ഉത്പാദനം 4301.4 മെട്രിക് ടണ്ണാണ്. ഇത് ആവശ്യകതയുടെ 78.5% മാണ്, ശേഷിക്കുന്ന 21.5 % ന് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പച്ചക്കറി വികസന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന 'സുഭിക്ഷ കേരളം' തുടങ്ങിയ മറ്റു പദ്ധതികളേയും സംയോജിപ്പിച്ച് വരുന്ന 5 വർഷം കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിക്കും എന്നും പ്രതീക്ഷിക്കുന്നു. |
| (ഡി) | ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് നിലവിൽ ഉല്പാദിക്കുന്നതെന്നും പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സംസ്ഥാനത്തിന് എപ്പോൾ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നും വ്യക്തമാക്കുമോ? | (ഡി) | നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.<br>സംസ്ഥാനത്തിനാവശ്യമായ പച്ചക്കറിയുടെ ദൈനംദിനതോത് 5479 മെട്രിക് ടൺ ആണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ സംസ്ഥാനത്തിന്റെ നിലവിലെ പച്ചക്കറിയുടെ ദൈനംദിന ഉത്പാദനം 4301.4 മെട്രിക് ടണ്ണാണ്. ഇത് ആവശ്യകതയുടെ 78.5% മാണ്, ശേഷിക്കുന്ന 21.5 % ന് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പച്ചക്കറി വികസന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന 'സുഭിക്ഷ കേരളം' തുടങ്ങിയ മറ്റു പദ്ധതികളേയും സംയോജിപ്പിച്ച് വരുന്ന 5 വർഷം കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിക്കും എന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ